## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### ഐ.എ.വൈ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക നൽകാൻ നടപടി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3240

29.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | 2011-12,2012-13,2013-14 എന്നീ കാലയളവിൽ ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) പദ്ധതി പ്രകാരം സർക്കാർ വാഗ്ദാനം ചെയ്ത യഥാക്രമം രൂപ 75,000/-, 75,000/-, 50,000/- ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) യും (ബി) യും | 2011-2012 ൽ അധിക തുക കണ്ടെത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾ 75,000 രൂപ നിരക്കിൽ ത്രിതല സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകി. ബ്ലോക്ക് പഞ്ചായത്തുകൾ ഈ ആവശ്യത്തിലേയ്ക്ക് വായ്പ എടുക്കുന്നതിനുള്ള നടപടി പുരോഗതിയിലാണ്. 2012-13-ൽ 75,000 രൂപ നിരക്കിൽ സർക്കാർ അധികമായി നല്കാമെന്ന് വാഗ്ദാനം ചെയ്ത തുകയിൽ 2012-13-ൽ ഗ്രാമ വികസന വകുപ്പിന് ചെലവഴിക്കാതെ കിടന്ന 79.95 കോടി രൂപ സറണ്ടർ ചെയ്തും ബ്ലോക്ക് പഞ്ചായത്തുകളുടെ 2012-13 ലെ പ്ലാൻ ഫണ്ടിൽ നിന്നും 25 കോടി രൂപയും ഗുണഭോക്താക്കൾക്ക് നൽകി കഴിഞ്ഞു. കൂടാതെ ത്രിതല സഹകരണ ബാങ്കിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകൾ 50.80 കോടി രൂപ വായ്പയെടുത്തു ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. വായ്പ തുകയും പലിശയും സർക്കാർ നൽകുന്നതാണ്. ശേഷിക്കുന്ന 2012-13 ലെ തുകയും 2013-14 ലെ സർക്കാർ നൽകാമെന്ന് വാഗ്ദാനം ചെയ്ത 50,000 രൂപ നിരക്കിലുള്ള തുകയും ബ്ലോക്ക് പഞ്ചായത്തിന് നൽകുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സാമ്പത്തിക വർഷം തന്നെ തുക നൽകുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ